ഏറനാട് താലൂക്കിലെ സൗജന്യ നിയമ സഹായം

1401. [1996] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സാധുക്കൾക്ക് നിയമ സഹായം നൽകുന്ന ഗവൺമെൻറ് പരിപാടി അനുസരിച്ച് ഏറനാട് താലൂക്കിൽ ക്രിമിനൽ സിവിൽ വക്കീലന്മാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരെയൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ല എങ്കിൽ എത്രയും വേഗം വക്കീലന്മാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഏറനാട് താലൂക്കിൽ സിവിൽ ക്രിമിനൽ കാര്യങ്ങൾക്ക് നിയമിക്കപ്പെട്ട പബ്ലിക്ക് കൗൺസിൽമാരിൽ പബ്ലിക്ക് കൗൺസൽ (ക്രിമിനൽ) തൽസ്ഥാനം രാജിവെച്ചതിനെ തുടർന്ന് ആ സ്ഥാനം ഒഴിഞ്ഞ് കിടക്കുകയാണ്.

(ബി) ശ്രീ. റോം തോമസ് ആണ് ഏറനാട് താലൂക്കിലെ ഇപ്പോഴത്തെ പബ്ലിക്ക് കൗൺസൽ (സിവിൽ)

(സി) ബന്ധപ്പെട്ട സർക്കാർ ഉത്തരവിൻ പ്രകാരം ജില്ലാ കളക്ടർ, കോടതിയുമായി ആലോചിച്ച് തയ്യാറാക്കുന്ന ഒരു പാനലിൽ നിന്നാണ് പബ്ലിക് കൗൺസലർമാരെ നിയമിക്കേണ്ടത്. പാനലിൽ ഉൾപ്പെടുത്തിയിട്ടുള്ളവരുടെ യോഗ്യതയും വൈദഗ്ദ്ധ്യവും സർക്കാരിന് ബോദ്ധ്യപ്പെടേണ്ടതുണ്ട്. ഏറനാട് താലൂക്കിൽ പബ്ലിക്ക് കൗൺസലിനെ (ക്രിമിനൽ) നിയമിക്കുന്നതിന് മേൽപ്പറഞ്ഞ പാനൽ കിട്ടിയിട്ടുണ്ട്. അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

എൽ. എൽ. ബി. പാസ്സാകുന്നവർക്ക് പ്രാക്ടീസിംഗ് അലവൻസ് നൽകാൻ നടപടി

1402. [1997] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) എൽ. എൽ. ബി. പാസ്സാകുന്നവർക്ക് പ്രാക്ടീസിംഗ് അലവൻസ് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം വല്ലതും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) എൽ. എൽ. ബി. പാസ്സാകുന്നവർക്ക് പ്രാക്ടീസിംഗ് അലവൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) അതിൻമേൽ അവസാന തീരുമാനമൊന്നും എടുത്തിട്ടില്ല.

(സി) പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly